"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - തസ്തിക സൃഷ്ടിക്കുന്നതിനും തസ്തിക ഉയർത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ) നം.22/2021/ധന** **തീയതി, തിരുവനന്തപുരം, 11/02/2021**

പരാമർശം :- 1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09/10/2020 -ലെ ഡി.കെ.എസ്.എ.2190/എസ്റ്റാ.1/ 2020 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, ക്ഷേമനിധി ബോർഡുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, അനാഥാലയങ്ങൾ, ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ, വികസന അതോറിറ്റികൾ, കേരള ഭവന നിർമാണ ബോർഡ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, കേരള സ്പോർട്സ് കൗൺസിൽ തുടങ്ങി എൺപതിലേറെ വിഭാഗങ്ങളിലായി 8566 സ്ഥാപനങ്ങളുടെ ഓഡിറ്റ് കേരള സംസ്ഥന ഓഡിറ്റ് വകുപ്പ് മുഖേനെ നിർവ്വഹിച്ചുവരുന്നു. കൂടാതെ ചാരിറ്റബിൾ എൻഡോവ്മെന്റ് കണക്കുകളുടെ സൂക്ഷിപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പിനാണ്. ഇതിനു പുറമെ സർക്കാരും ,കോടതിയും പ്രത്യേകം ഉത്തരവിലൂടെ ഏൽപ്പിച്ചു നൽകുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റും വകുപ്പ് നിർവ്വഹിച്ചു വരുന്നു. അതോടൊപ്പം ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള ചാർജ്ജ്/സർചാർജ്ജ് നടപടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും മറ്റും ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സംബന്ധമായ കണക്കുകൾ സർക്കാരിന് സമർപ്പിക്കൽ തുടങ്ങിയ ഉത്തരവാദിത്തങ്ങളും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. വകുപ്പിന്റെ ഭാരിച്ച ഉത്തരവാദിത്തവും അധികജോലിഭാരവും കണക്കിലെടുത്ത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമഗ്ര പുനസംഘടനയുടെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ചില തസ്തികകൾ ഉയർത്തുന്നതിനുമുള്ള ശുപാർശ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശ കത്തു പ്രകാരം സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വിവിധ കാര്യാലയങ്ങളിൽ ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ പറയും പ്രകാരം 38 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും, കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയത്തിലെ ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയായി ഉയർത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തസ്തിക സൃഷ്ടിക്കൽ**

| **ക്രമ നം.** | **തസ്തികയുടെ പേര്** | **ശമ്പള സ്കെയിൽ** | **തസ്തികകളുടെ എണ്ണം** |
|---|---|---|---|
| തിരുവനന്തപുരം , കൊല്ലം , എറണാകുളം , തൃശ്ശൂർ , കോഴിക്കോട് , കണ്ണൂർ , മലപ്പുറം എന്നീ 7 ജില്ലാ പഞ്ചായത്തുകളുടെയും ജില്ല കുടുംബശ്രീയുടെയും കൺകറന്റ് ഓഡിറ്റ് . | | | |
| 1 | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 77400-115200 | 7 |

| | | | |
|---|---|---|---|
| **കുടുംബശ്രീ** | | | |
| 1 | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 77400-115200 | 1 |
| 2 | ഓഡിറ്റ് ഓഫീസർ | 36600-79200 | 2 |
| 3 | ഓഡിറ്റർ | 27800-59400 | 6 |
| **കണ്ണൂർ കോർപ്പറേഷൻ ഓഡിറ്റ്** | | | |
| 1 | ഓഡിറ്റ് ഓഫീസർ | 36600-79200 | 2 |
| 2 | ഓഡിറ്റർ | 27800-59400 | 5 |
| **കേരള സാങ്കേതിക / മലയാള സർവ്വകലാശാല ഓഡിറ്റ് ഓഫീസുകൾ** | | | |
| 1 | ജോയിന്റ് ഡയറക്ടർ | 85000-117600 | 2 |
| 2 | ഓഡിറ്റ് ഓഫീസർ | 36600-79200 | 2 |
| 3 | ഓഡിറ്റർ | 27800-59400 | 6 |
| **സ്പോർട്സ് കൗൺസിൽ ഓഡിറ്റ്** | | | |
| 1 | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 77400-115200 | 1 |
| 2 | ഓഡിറ്റ് ഓഫീസർ | 36600-79200 | 1 |
| 3 | ഓഡിറ്റർ | 27800-59400 | 3 |
| ആകെ | | | 38 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.ഡി.ഫെറോൾഡ് സേവ്യർ**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം 4627, തീയതി 10/02/2021)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(ഇ 1660662)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ